**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3295** **04-08-2021 - ൽ മറുപടിയ്ക്ക്**

**കേരള വനിതാ കമ്മീഷന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി യു പ്രതിഭ ,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സ്ത്രീകളുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി കേരള വനിതാ കമ്മീഷൻ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ഭരണഘടനാപരമായ സ്ത്രീകളുടെ അവകാശങ്ങൾ സംബന്ധിച്ചും സ്ത്രീസംരക്ഷണ നിയമങ്ങളായ സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം, തൊഴിലിടങ്ങളിലെ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനങ്ങൾ തടയുന്നതിനുള്ള സംരക്ഷണനിയമം, വിവിധ സൈബർ നിയമങ്ങൾ എന്നിവയെക്കുറിച്ചും അറിവ് പകർന്നു നൽകുന്നതിന് സെമിനാറുകൾ/വെബിനാറുകൾ, സ്ത്രീകളുടെ പ്രശ്നപരിഹാരത്തിന് ജില്ലകൾ തോറും അദാലത്തുകൾ, യുവതലമുറ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ തരണം ചെയ്യുവാൻ അവരെ സഹായിക്കുന്നതിന് ഹയർ സെക്കൻഡറി സ്കൂളുകളിലും കോളേജുകളിലും കലാലയ ജ്യോതി പരിപാടികൾ, വിവാഹിതരാകുവാൻ തയ്യാറെടുക്കുന്ന യുവതീ യുവാക്കൾക്ക് വിവാഹപൂർവ വിദ്യാഭ്യാസം നൽകുന്നതിന് പ്രീമാരിറ്റൽ കൗൺസെലിംഗ്, സ്ത്രീകളുടെയും പെൺകുട്ടികളുടെയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ തല ജാഗ്രതാസമിതി അംഗങ്ങളെ പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം, സ്ത്രീശാക്തീകരണവുമായി ബന്ധപ്പെട്ടു നിൽക്കുന്ന വ്യക്തികൾ/ സ്ഥാപനങ്ങൾ/ എൻ ജി ഒ എന്നിവരെ ഉൾക്കൊള്ളിച്ച് മുഖാമുഖം എന്നീ ബോധവൽക്കരണ പരിപാടികൾ കമ്മീഷൻ നടത്തി വരുന്നു. കൂടാതെ സ്ത്രീപീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീധനം എന്ന വിപത്തിനെ നേരിടാൻ സമൂഹത്തിനെ സജ്ജമാക്കുന്നതിനും സ്ത്രീശാക്തീകരണത്തിനുമായി പത്ര/ദൃശ്യ/ശ്രവ്യ മാധ്യമങ്ങൾ വഴിയും ബോധവൽക്കരണം നടത്തുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്മീഷൻ നടത്തിയ ബോധവൽക്കരണ പരിപാടികളും | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കമ്മീഷൻ നടത്തിയ ബോധവൽക്കരണ പരിപാടികളും |

| | | | |
|---|---|---|---|
| | അതിലെ പങ്കാളിത്തവും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; | | അതിലെ പങ്കാളിത്തവും അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾ കൂടുതൽ ഗൗരവമായും ജനപങ്കാളിത്തത്തോടെയും നടപ്പാക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്? | (സി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ നിലവിൽ കമ്മീഷൻ ഓൺലൈൻ പരിപാടികളാണ് സംഘടിപ്പിക്കുന്നത്. ടി പി ആർ നിരക്ക് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ സർക്കാർ നിർദേശ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പ്രസ്തുത പരിപാടികൾ കൂടുതൽ ജനപങ്കാളിത്തത്തോടെ നടപ്പാക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| സാമ്പത്തിക വർഷം | ബോധവൽക്കരണ പരിപാടികൾ | എണ്ണം |
|---|---|---|
| 2016-17 | കലാലയ ജ്യോതി | 348 |
| | പ്രീമാരിറ്റൽ കൗൺസെലിംഗ് | 34 |
| | ജാഗ്രതാസമിതി | 38 |
| | സെമിനാർ | 585 |
| 2017-18 | കലാലയ ജ്യോതി | 198 |
| | പ്രീമാരിറ്റൽ കൗൺസെലിംഗ് | 14 |
| | ജാഗ്രതാസമിതി | 27 |
| | സെമിനാർ | 124 |
| 2018-19 | കലാലയ ജ്യോതി | 202 |
| | പ്രീമാരിറ്റൽ കൗൺസെലിംഗ് | 22 |
| | ജാഗ്രതാസമിതി | 26 |
| | സെമിനാർ | 153 |
| 2019-20 | കലാലയ ജ്യോതി | 254 |
| | പ്രീമാരിറ്റൽ കൗൺസെലിംഗ് | 28 |
| | ജാഗ്രതാസമിതി | 32 |
| | മുഖാമുഖം | 7 |
| | സെമിനാർ | 148 |
| 2020-21 | കലാലയ ജ്യോതി | 245 |
| | പ്രീമാരിറ്റൽ കൗൺസെലിംഗ് | 22 |
| | ജാഗ്രതാസമിതി | 48 |
| | മുഖാമുഖം | 8 |
| | സെമിനാർ | 117 |

ഇതിൽ സംസ്ഥാനതല സെമിനാറിൽ ഏകദേശം 500 ഓളം പേരും ജില്ലാതല സെമിനാറിൽ 150 ഓളം പേരും സബ് ജില്ലാതല സെമിനാറിൽ 100 ഓളം പേരും ജാഗ്രതാസമിതി, കലാലയ ജ്യോതി, പ്രീമാരിറ്റൽ കൗൺസെലിംഗ്, മുഖാമുഖം എന്നീ പരിപാടികളിൽ ഓരോന്നിലും ഏകദേശം 75 ഓളം പേരും പങ്കെടുക്കുന്നുണ്ട്.